"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനംവന്യജീവി വകുപ്പ്-കെ.എഫ്.ഡി.സി യുടെ തോട്ടങ്ങളിൽ യൂക്കാലിപ്റ്റസ് നടുന്നതിന് അനുമതി നൽകിയ ഉത്തരവ് -ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനംവന്യജീവി(ഡി) വകുപ്പ്**

സ.ഉ.(സാധാ) നം.236/2024/F&WLD തീയതി,തിരുവനന്തപുരം, 20-05-2024

---

പരാമർശം:-
1. KFDC എം.ഡിയുടെ 20.02.2024 ലെ സി2-4678/2018/161 നം. കത്ത്.
2. കേന്ദ്ര വനം പരിസ്ഥിതിതി മന്ത്രാലയത്തിന്റെ 24.02.2023 ലെ F(C)എ/11.6/4/WP/KER/VoL-II /347 നം.കത്ത്.
3. 07.05.2024 ലെ.സ.ഉ(സാധാ)നം.221/2024/വനം. നമ്പർ ഉത്തരവ്.
4. അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം)&ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്(WP&R) ന്റെ 18.05.2024 ലെ WP-5419/2019 നം. കത്തും, അനുബന്ധവും.

**ഉത്തരവ്**

KFDC MD യുടെ പരാമർശം 1 കത്തിലെ അഭ്യർഥന കണക്കിലെടുത്തു കേന്ദ്ര സർക്കാരിന്റെ അംഗീകൃത മാനേജ്മെന്റ് പ്ലാൻ കാലാവധിയിൽ ശേഷിക്കുന്ന 2024-25 വരെ കാലയളവിൽ മാത്രം കേരളാ ഫോറസ്റ്റ് ഡെവലപ്പ്മെന്റ് കോർപ്പറേഷന്റെ (KFDC) തോട്ടങ്ങളിൽ യൂക്കാലിപ്റ്റസ് നടുന്നതിനു അനുമതി നൽകി പരാമർശം (3) പ്രകാരം ഉത്തരവായിരുന്നു.

സംസ്ഥാന സർക്കാരിന്റെ 2021 ലെ ഇക്കോ റസ്റ്റൊറേഷൻ പദ്ധതിയുടേയും, സമാനമായി മനുഷ്യ വന്യജീവി സംഘർഷം ലഘൂകരിക്കുവാനുള്ള ബൃഹത്തായ പദ്ധതികളുടേയും ഭാഗമായുള്ള നയത്തിന് അനുസൃതമായി, സംസ്ഥാനത്തെ വനപ്രദേശങ്ങളിൽ അക്കേഷ്യ, യൂക്കാലിപ്റ്റസ് ഇനങ്ങളെ പൂർണമായും ഒഴിവാക്കി യോജ്യമായ തദ്ദേശീയ ഇനങ്ങളെ നട്ടുപിടിപ്പിക്കാൻ തീരുമാനിച്ചിരുന്നു.

കേന്ദ്രവനം പരിസ്ഥിതി മന്ത്രാലയത്തിന്റെ പരാമർശം ( 2 ) ലെ കത്തു പ്രകാരം KFDC ശുപാർശ ചെയ്തിരുന്ന 2020 -21 മുതൽ 2024-25 വരെയുള്ള മാനേജ്മെന്റ് പ്ളാനിലെ Chapter

II - 7. Pulp wood Working Circle (7.2.1 Eucalyptus.) എന്നിവയിലെ ഭേദഗതി നിർദ്ദേശം മാത്രമാണ് കേന്ദ്ര സർക്കാർ അംഗീകാരം നൽകുകയുണ്ടായത്.

മേൽ സാഹചര്യത്തിൽ KFDCയുടെ 2020-21 മുതൽ 2024-25 വരെയുള്ള KFDC യുടെ മാനേജ്മെന്റ് പ്ലാനിലെ ഭേദഗതി നിർദ്ദേശത്തിന്മേൽ പരാമർശം(2) പ്രകാരം കേന്ദ്ര സർക്കാർ അനുമതി നൽകിയിട്ടുള്ള Chapter II - 7. Pulp wood Working Circle (7.2.1 Eucalyptus) എന്നിവ അനുസരിച്ചുള്ള യൂക്കാലിപ്റ്റസ് മുറിച്ചു നീക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്കു മാത്രം അനുമതി നൽകി പരാമർശം (3) സർക്കാർ ഉത്തരവ് ഭേദഗതി വരുത്തി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ ആർ ജ്യോതിലാൽ
അഡീഷണൽ ചീഫ് സെക്രട്ടറി

ഉത്തരവിൻ പ്രകാരം
Signed by
Suja S K
Date: 21-05-2024 10:34:34
സെക്ഷൻ ഓഫീസർ

പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് &ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്,തിരുവനന്തപുരം.
പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്(ഫോറസ്റ്റ് മാനേജ്മെന്റ്),തിരുവനന്തപുരം.
അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം)&ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്(WP&R),തിരുവനന്തപുരം.
മാനേജിംഗ് ഡയറക്ടർ, കേരളാ ഫോറസ്റ്റ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ,ആരണ്യകം, കാരാപ്പുഴ,കോട്ടയം
അഡീഷണൽ ചീഫ് സെക്രട്ടറി,ധനകാര്യ വകുപ്പ്.
പ്രിൻസിപ്പൽ സെക്രട്ടറി, വ്യവസായ വകുപ്പ്.

പകർപ്പ്:-അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ യ്ക്ക്
ജോയിന്റ് സെക്രട്ടറിയുടെ സി.എയ്ക്ക്.